# കാറ്റഗറി നമ്പർ 251/2020

താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒറ്റത്തവണ രജിസ്ട്രേഷന് ശേഷം ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിലവിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാം. വൺ ടൈം രജിസ്ട്രേഷൻ മുഖേന അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31.12.2010 ന് ശേഷം എടുത്തതും ഫോട്ടോയിൽ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും രേഖപ്പെടുത്തിയതുമായിരിക്കണം. വൺ ടൈം രജിസ്ട്രേഷൻ മുഖേന അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും മാറ്റമില്ല.

1 **വകുപ്പ്** : **കേരള പോലീസ് സർവ്വീസ്**

2 **ഉദ്യോഗപ്പേര്** : പോലീസ് കോൺസ്റ്റബിൾ
**(**പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം**)**
**(**ആംഡ് പോലീസ് ബറ്റാലിയൻ**)**

(കുറിപ്പ്: ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും വനിതാ ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.)

3 **ശമ്പളം** : 22200-48000/-

4 **ഒഴിവുകളുടെ എണ്ണം** : <u>ബറ്റാലിയൻ തിരിച്ച്</u>

തിരുവനന്തപുരം(എസ്.എ.പി) – 33
പത്തനംതിട്ട (കെ.എ.പി III) – 36
ഇടുക്കി (കെ.എ.പി V) – 28
എറണാകുളം (കെ.എ.പി I) – 31
തൃശ്ശൂർ (കെ.എ.പി II) – 34
മലപ്പുറം (എം.എസ്.പി) – 35
കാസറഗോഡ് (കെ.എ.പി IV)– 33

| ക്രമ നമ്പർ | ബറ്റാലിയൻ | ബറ്റാലിയൻ ഉൾപ്പെടുന്ന ജില്ലകളും പോലീസ് ജില്ലകളും | നിയമനച്ചുമതലയുള്ള പി.എസ്.സി ജില്ലാ ഓഫീസ് |
|---|---|---|---|
| 1. | എസ്.എ.പി | തിരുവനന്തപുരം റവന്യൂ ജില്ല (തിരുവനന്തപുരം സിറ്റി, റൂറൽ പോലീസ് ഡിസ്ട്രിക്റ്റ്) | തിരുവനന്തപുരം |

| | | | |
|---|---|---|---|
| 2. | കെ.എ.പി III | കൊല്ലം, ആലപ്പുഴ, പത്തനംതിട്ട റവന്യൂ ജില്ലകൾ (കൊല്ലം, ആലപ്പുഴ, പത്തനംതിട്ട പോലീസ് ഡിസ്ട്രിക്ടുകൾ) | പത്തനംതിട്ട |
| 3. | കെ.എ.പി V | കോട്ടയം, ഇടുക്കി റവന്യൂ ജില്ലകൾ (കോട്ടയം, ഇടുക്കി എന്നീ പോലീസ് ഡിസ്ട്രിക്ടുകൾ) | ഇടുക്കി |
| 4. | കെ.എ.പി I | എറണാകുളം റവന്യൂ ജില്ല (കൊച്ചി സിറ്റി ആന്റ് എറണാകുളം റൂറൽ പോലീസ് ഡിസ്ട്രിക്ടുകൾ) | എറണാകുളം |
| 5. | കെ.എ.പി II | തൃശ്ശൂർ, പാലക്കാട് റവന്യു ജില്ലകൾ (തൃശ്ശൂർ, പാലക്കാട് പോലീസ് ഡിസ്ട്രിക്ടുകൾ) | തൃശ്ശൂർ |
| 6. | എം.എസ്.പി | മലപ്പുറം, കോഴിക്കോട് റവന്യു ജില്ലകൾ (മലപ്പുറം പോലീസ് ഡിസ്ട്രിക്ട്, കോഴിക്കോട് സിറ്റി ആന്റ് റൂറൽ പോലീസ് ഡിസ്ട്രിക്ടുകൾ) | മലപ്പുറം |
| 7. | കെ.എ.പി IV | കണ്ണൂർ, വയനാട്, കാസറഗോഡ് റവന്യൂ ജില്ലകൾ (കണ്ണൂർ, വയനാട്, കാസറഗോഡ് പോലീസ് ഡിസ്ട്രിക്ടുകൾ) | കാസറഗോഡ് |

**(I)** ഈ തെരഞ്ഞെടുപ്പ് ബറ്റാലിയനടിസ്ഥാനത്തിൽ നടത്തുന്നതായിരിക്കും. വിവിധ ബറ്റാലിയനിലേയ്ക്ക് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മുകളിൽ ബറ്റാലിയനു നേരെ കാണിച്ചിട്ടുള്ള ഡി.എ.ആറിലേയ്ക്ക് മാത്രമേ സ്ഥലമാറ്റം അനുവദിയ്ക്കുകയുള്ളൂ. ഈ വിജ്ഞാപനപ്രകാരം ബറ്റാലിയനടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തി റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം ആയിരിക്കും. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മേൽ സൂചിപ്പിച്ച ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**5.** **നിയമനരീതി** : നേരിട്ടുള്ള നിയമനം
(പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)

**കുറിപ്പ്:-** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായപരിധി** : 18 – 31 , ഉദ്യോഗാർത്ഥികൾ 02.01.1989 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്** :- വയസ്സിളവിനെ സംബന്ധിച്ച പൊതുവ്യവസ്ഥകളിലെ 2-ആം ഖണ്ഡിക ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7 യോഗ്യതകൾ:**

1) **വിദ്യാഭ്യാസ യോഗ്യത :-**

i) ഹയർ സെക്കന്ററി (+2 )പരീക്ഷയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

ii) ഹയർ സെക്കന്ററി യോഗ്യതയുള്ളവരുടെ അഭാവത്തിൽ കോട്ട തികയ്ക്കുന്നതിനായി ഹയർ സെക്കന്ററി വിജയിയ്ക്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ പരിഗണിക്കുന്നതാണ്.

കുറിപ്പ് :-

a) യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

b) വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

c) ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം എന്നിവ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

2) **ശാരീരിക യോഗ്യത :-**

(a) ഉയരം – കുറഞ്ഞത് 160 സെ.മീ,

നെഞ്ചളവ് : കുറഞ്ഞത് 76 സെ.മീ (കുറഞ്ഞത് 5 സെ.മീ വികാസത്തോടെ )

(b)കാഴ്ചശക്തി- താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|---|
| a) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്** :-

(1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം.

(2) കളർ ബ്ലൈൻഡ്നസ്, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(3) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

3) മുകളിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾക്കു പുറമെ ഓരോ ഉദ്യോഗാർത്ഥിയേയും ശാരീരിക ക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺസ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |
| | | |

കുറിപ്പ് :- ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവ് കായിക ക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവ് ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ / ജൂനിയർ

കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷയുടെ സമയത്ത് നടത്തുന്ന പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

## FORM OF MEDICAL CERTIFICATE

I have this day medically examined Sri....................................................... (Name & address) and found that he has no disease or infirmity, which would render him unsuitable for Government Service. He is free from physical defects like knock knee, flat foot, varicose vein, bow legs, deformed hands and limbs, irregular and protruding teeth, defective speech and hearing.

His age according to his own statement is .................................. and by appearance is ............................ and his standards of vision is as follows.

**Standards of Vision**

(without glasses)

| | **Right Eye** | **Left Eye** |
|---|---|---|
| (i) Distant Vision | ............Snellen | ........... Snellen |
| (ii) Near Vision | ............Snellen | ........... Snellen |
| (iii) Field of Vision | ..................... | |

(Specify whether field of vision is full or not. Entries such as Normal, Good etc. are inappropriate here)

(iv) Colour Blindness ................................

(v) Squint ................................

(vi) Any morbid condition of the eyes or lids of either eye ……………

He is physically fit for the post of Police Constable in the Police Department.

Place: Signature

Date : Name and Designation of the Medical Officer

(Office Seal)

കുറിപ്പ് :- കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി

രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

8 **<u>ട്രെയിനിംഗ്:-</u>** പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം വഴി തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ചോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ, സംസ്ഥാന പോലീസ് മേധാവിയോ നിശ്ചയിക്കുന്ന സ്ഥാപനത്തിൽ വച്ചോ 9 മാസത്തെ ട്രെയിനിംഗ് ഉണ്ടായിരിക്കുന്നതാണ്. അതത് സമയങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സ്റ്റൈപന്റ് പരിശീലന കാലത്ത് ലഭിക്കുന്നതാണ്.

9 **<u>പ്രൊബേഷൻ</u>**:- നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നയാൾ നേരിട്ടുള്ള നിയമനം ആണെങ്കിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ തുടർച്ചയായ 3 വർഷത്തെ സേവനകാലയളവിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

10 **അപേക്ഷ സമർപ്പിയ്ക്കേണ്ട രീതി :** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ <u>www.keralapsc.gov.in</u> വഴി **"ഒറ്റത്തവണ രജിസ്ട്രേഷൻ"** പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID-യും password-ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ 'Apply Now'-ൽ മാത്രം click ചെയ്യേണ്ടതാണ്. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് link click ചെയ്ത് profile-ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുമ്പും തന്റെ profile-ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും user ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അതിനു ശേഷം അപേക്ഷയിലെ വിശദാംശങ്ങൾ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിക്കു ശേഷം profile-ൽ ഉദ്യോഗാർത്ഥികൾ വരുത്തുന്ന തിരുത്തലുകൾ അപേക്ഷയിൽ വരുന്നതല്ല.തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ. ***<u>ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്</u>***.

11 **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 23.12.2020** ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

12 **അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം** : www.keralapsc.gov.in

**13.** ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ./ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടർ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.വിദ്യാഭ്യാസം, പ്രവൃത്തി പരിചയം തുടങ്ങിയ യോഗ്യതകൾ തെറ്റായി രേഖപ്പെടുത്തിയ ശേഷം പരീക്ഷയ്ക്ക് കൺഫർമേഷൻ (സ്ഥിരീകരണം)നൽകുന്ന ഉദ്യോഗാർത്ഥികൾ അവർ പരീക്ഷ എഴുതിയാലും എഴുതിയില്ലെങ്കിലും KPSC Rules of Procedure Rule22 പ്രകാരം ശിക്ഷാർഹരായിരിക്കുന്നതാണ്

**14.** പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25-ആം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**15.** നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976-ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 -ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 - ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

(ഫോട്ടോ, ഐ ഡി ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകൾ നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ